(ബി) ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനായി പ്രത്യേക കേന്ദ്രസഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി 106 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപ അനുവദിച്ചതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും 186 കോടി രൂപ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും കാർഷിക മേഖലയ്ക്ക് അനുവദിച്ച 106 കോടി രൂപയിൽ 53 കോടി രൂപ മാത്രമേ റിലീസ് ചെയ്യാൻ ഉത്തരവായിട്ടുള്ളൂ.

(ഇ) വിലയിടിവ് നേരിടുന്ന അടയ്ക്ക, കാപ്പി, കുരുമുളക് കർഷകരെ സഹായിക്കാൻ സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. കുരുമുളക് സംഭരണത്തിന് 6 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. കർഷകരിൽനിന്ന് കിലോഗ്രാമിന് 75 രൂപ നിരക്കിൽ, മാർക്കറ്റ്ഫെഡ് കുരുമുളക് സംഭരണം ആരംഭിച്ചിട്ടുണ്ട്. കാപ്പിക്ക് ഹെക്ടറിന് 720 രൂപ നിരക്കിൽ കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതാണ്. അടയ്ക്ക സംഭരണത്തിന് 10 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. നിലവിലുള്ള കമ്പോള വിലയേക്കാൾ കിലോക്ക് 10 രൂപ കൂടുതൽ നൽകി കാംപ്കോ അടയ്ക്ക സംഭരിച്ചു വരുന്നു. കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനുവേണ്ടി കേന്ദ്ര സർക്കാർ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഏലം, വാനില എന്നിവയുടെ വില പിടിച്ചുനിർത്തുന്നതിനു പ്രത്യേക നടപടിയൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല.

കൃഷി വകുപ്പിൽ നിന്നും അവശതാ പെൻഷൻ

122 [2739] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. രതീഷ് കുമാർ പി. കെ. പടിഞ്ഞാറെ മഠത്തിൽ, മരിയാപുരം പി. ഒ., ഇടുക്കി എന്നയാൾ കൃഷി വകുപ്പിൽ നിന്നും അവശതാ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) ആയതിൻമേൽ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) അവശതാ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഉത്തരവായിട്ടില്ലെങ്കിൽ ഉത്തരവാകുവാൻ നിർദ്ദേശം നൽകുമോ?

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി, സി & ഡി) ചോദ്യം ഉദിക്കുന്നില്ല.

പാം ഓയിൽ ഇറക്കുമതി ചുങ്കം കുറയ്ക്കുന്നത് തടയാൻ നടപടി

123 [2740] ശ്രീ. ടി. യു രാധാകൃഷ്ണൻ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. അച്ചുതൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാം ഓയിലിന്റെ ഇറക്കുമതി ചുങ്കം കുറഞ്ഞുവരുന്നത് സംസ്ഥാനത്തെ കേര കൃഷിക്കാരെ ഏതു വിധത്തിൽ ബാധിക്കുമെന്ന് പറയാമോ;

(ബി) പാം ഓയിലിന്റെ ഇറക്കുമതി ചുങ്കം പൂർവ്വസ്ഥിതിയിലാകുവാൻ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ?

ഉത്തരം

(എ & ബി) ക്രൂഡ് പാം ഓയിലിന് നിലവിലുണ്ടായിരുന്ന 65% ഇറക്കുമതി തീരുവയും ആർ. ബി. ഡി. പാം ഓയിലിന് നിലവിലുണ്ടായിരുന്ന 75% ഇറക്കുമതി തീരുവയും കഴിഞ്ഞ മാസത്തിൽ യഥാക്രമം 80%-വും 90%-വും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളതായി അറിയുന്നു. ഈ രണ്ടു വിഭാഗത്തിൽപ്പെട്ട പാം ഓയിലിലും ഏർപ്പെടുത്താവുന്ന പരമാവധി ഇറക്കുമതി തീരുവ 300% ആണെന്നിരിക്കെ ഈ തീരുവ നിരക്ക് താരതമ്യേന കുറവാണെങ്കിലും സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദഫലമായി ഇപ്പോൾ ഉണ്ടായിട്ടുള്ള 15% വർദ്ധനവ് സംസ്ഥാനത്ത് കേര കർഷകർക്ക് ഒരു പരിധി വരെ ആശ്വാസകരമാണ്. അതോടൊപ്പം തീരുവ നിരക്ക് (ഡ്യൂട്ടി നിശ്ചയിക്കുവാനുള്ള അടിസ്ഥാന വില) ക്രൂഡ് പാം ഓയിലിന് ടണ്ണിന് 450 ഡോളറിൽ നിന്നും 400 ഡോളറായും ആർ.സി.ഡി. പാം ഓയിലിന് 489 ഡോളറിൽ നിന്നും 415 ഡോളറായും ക്രൂഡ് പാം ഓയിലിന് 479 ഡോളറിൽ നിന്നും 412 ഡോളറായും ആർ. സി. ഡി. പാം ഓയിലിന് 497 ഡോളറിൽ നിന്നും 425 ഡോളറായും കുറച്ചിട്ടുണ്ടെങ്കിലും ചുങ്ക നിരക്കിൽ വരുത്തിയിട്ടുള്ള 15% വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഇറക്കുമതിയെ പ്രോൽസാഹിപ്പിക്കുന്നതിന് സഹായകരമാകില്ല എന്ന് കരുതുന്നു. പാം ഓയിലിന് ഇതുവരെ ഏർപ്പെടുത്തിയിട്ടുള്ളതിൽ ഏറ്റവും ഉയർന്ന ഇറക്കുമതി തീരുവയാണ് കഴിഞ്ഞ മാസം 15% വർദ്ധിപ്പിക്കുക വഴി ഇപ്പോൾ നിലവിൽ വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly